(സി) മെച്ചമായ താമസസൗകര്യം, ശുദ്ധജലവിതരണം, വീടുകൾ റിപ്പയർ ചെയ്യൽ തുടങ്ങിയ കാര്യങ്ങളെല്ലാം പി. എൽ. ആക്ടനുസരിച്ച് ക്രമീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നേരിട്ട് ഇതേക്കുറിച്ച് അന്വേഷിക്കുവാൻ ഉടനെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാംപനാർ എസ്റ്റേറ്റ് ഒഴികെയുള്ള തോട്ടങ്ങൾ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടർ സന്ദർശിച്ചിട്ടുണ്ട്. പാംപനാർ എസ്റ്റേറ്റ് അവസാനമായി പ്ലാന്റേഷൻ ഇൻസ്പെക്ടർ സന്ദർശിച്ചത് 1978 മേയ് മാസത്തിലാണ്.

ശബരിമല, പുതുക്കാട്, പഴയകാട്, ഫാക്ടറി കോളനി എന്നീ പേരുകളിൽ എസ്റ്റേറ്റുകൾ ഉള്ളതായി അറിവില്ല.

(ബി) മേൽ പ്രസ്താവിച്ച തോട്ടങ്ങളിൽ പി. എൽ. ആക്ടിലെ വ്യവസ്ഥകൾ യാതൊന്നും നടപ്പിലാക്കിയിട്ടില്ല എന്ന ആരോപണം ശരിയല്ല. അതുകൊണ്ട് ഗവൺമെന്റ് പ്രത്യേകമായ നടപടിയൊന്നും സ്വീകരിക്കേണ്ടതായ സന്ദർഭം ഉണ്ടായിട്ടില്ല.

(സി) താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനും വീടുകൾ റിപ്പയർ ചെയ്യുന്നതിനും തോട്ടമുടമകളെക്കൊണ്ട് കാലാകാലങ്ങളിൽ നടപടികൾ സ്വീകരിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ നിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുന്നുണ്ട്.

(ഡി) ചീഫ് ഇൻസ്പെക്ടർമാരോട് ആവശ്യമായ അന്വേഷണം നടത്താൻ നിർദ്ദേശിക്കാം.

പള്ളിക്കലാറിന്റെ കരയ്ക്കു സംരക്ഷണ പണികൾ

739 [1077] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശൂരനാട്ടു വടക്കേ പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് മുതൽ വീട്ടിനാൽ ക്ഷേത്രം വരെ പള്ളിക്കലാറിന്റെ കരയ്ക്കു സംരക്ഷണ പണികൾ നടത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് എത്ര ആയിരം രൂപയാണ്;

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ ജോലി തുടങ്ങുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഇതിന്റെ പണി തുടങ്ങുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 4.50 ലക്ഷം രൂപ.

(സി) ഈ ജോലിക്ക് ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപയാണ് ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളത്. പക്ഷേ ഈ കൊല്ലത്തെ ബഡ്ജറ് തുക തുടങ്ങിവച്ച ജോലികൾക്കു തന്നെ മതിയാവുകയില്ല. അതുകൊണ്ടാണ് ഈ ജോലി തുടങ്ങുവാനുള്ള കാലതാമസം.

(ഡി) 1979-80—ലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണി തുടങ്ങുന്നതാണ്.

പെരുവേലിക്കര ബണ്ടിന്റെ നിർമ്മാണം

740 [1078] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട പഞ്ചായത്തിൽ ''പെരുവേലിക്കര ബണ്ട്'' നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ ബണ്ട് നിർമ്മാണം തുടങ്ങുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഇതിന്റെ പണി ആരംഭിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാക്കടവ് പദ്ധതി

741 [1080] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പദ്ധതിയിൽ ഉൾക്കൊള്ളിച്ച് കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ ഏതൊക്കെ;

(ബി) കാക്കടവ് പദ്ധതിക്ക് എന്തു തുക വക കൊള്ളിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്"?

LIBRARY ARCHIVES Kerala Legislative Assembly